**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3509** **26-10-2021 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഐ.എച്ച്.ആർ.ഡി. ക്ക് കീഴിൽ പ്രവർത്തിക്കുന്ന മലമ്പുഴ കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് അറിയിക്കാമോ; | (എ) | ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ മലമ്പുഴയിൽ പ്രവർത്തിക്കുന്ന കോളേജ് ഓഫ് അപ്ളൈഡ് സയൻസിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എം.എൽ.എ ആയിരുന്ന ശ്രീ. വി.എസ്. അച്യുതാനന്ദന്റെ ആസ്തി വികസന ഫണ്ടിൽ നിന്നുള്ള തുക വിനിയോഗിച്ച് പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കുകയും 2019 ജൂൺ 3-ാം തീയതി ഉദ്ഘാടനം ചെയ്യുകയും ചെയ്തിരുന്നു. ഇതു കൂടാതെ ജലജീവൻ പദ്ധതിയിലൂടെ മലമ്പുഴ കോളേജിന് കുടിവെള്ളവും ലഭ്യമാക്കുകയുണ്ടായി. |
| (ബി) | പ്രസ്തുത കോളേജിൽ നിലവിൽ എന്തെല്ലാം കോഴ്സുകളാണ് ഉള്ളതെന്നും എത്ര വിദ്യാർത്ഥികളാണ് അവിടെ പഠിക്കുന്നത് എന്നും വ്യക്തമാക്കാമോ? | (ബി) | കോളേജ് ഓഫ് അപ്ളൈഡ് സയൻസ്, മലമ്പുഴയിൽ മൂന്ന് ഡിഗ്രി കോഴ്സുകളാണ് നിലവിൽ ഉള്ളത്. ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്, ബി.എസ്.സി. ഇലക്ട്രോണിക്സ്, ബി.കോം. കമ്പ്യൂട്ടർ ആപ്ളിക്കേഷൻ എന്നീ മൂന്നു കോഴ്സുകളിലായി 275 വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ